# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം-695003.
ഫോൺ: 0471-2317983, 2316963, 2310921, 2723240
ഇ-മെയിൽ: dcotdb@gmail.com, itdivision.tdb@kerala.gov.in
www.travancoredevaswomboard.org

ദേവസ്വം കമ്മീഷണർ ഓഫീസ്

ആർ.ഒ.സി.18561/19/സിഐടി. തിരുവനന്തപുരം, 30/09/2022.

## അറിയിപ്പ്

കൊല്ലവർഷം 1198 ശബരിമല ദേവസ്വം മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ചുവടെ വിവരിക്കുന്ന വെർച്വൽ-ക്യു സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങളിലേക്ക് ഡാറ്റ എൻട്രി ഓപ്പറേറ്ററായി ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ജോലി ചെയ്യുവാൻ താത്പര്യമുള്ള ഹിന്ദുക്കളും തദ്ദേശവാസികളുമായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ പ്ലസ്-ടു വും, അതോടൊപ്പം ഗവണ്മെന്റ് അംഗീകൃത DPCS *(NCVT)* /DCA/ തത്തുല്യ യോഗ്യതയുള്ളവരും, 18 നും 60 നും മധ്യേ പ്രായമുള്ളവരും, ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ തയ്യാറുള്ളവരുമായിരിക്കണം.

അപേക്ഷകർ ദേവസ്വം ബോർഡിന്റെ വിവിധ ഗ്രൂപ്പ് ആഫീസുകളിലെ നോട്ടീസ് ബോർഡുകളിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകയിൽ വെള്ളപ്പേറിൽ 10 രൂപയുടെ ദേവസ്വം സ്റ്റാമ്പ് ഒട്ടിച്ച് തയ്യാറാക്കിയ അപേക്ഷയോടൊപ്പം വയസ്സ്, വിദ്യാഭ്യാസ യോഗ്യത, കമ്പ്യൂട്ടർ പരിജ്ഞാനം, മതം, പൂർണമായ മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകകൾ, ആയതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പുകൾ, ആറ് മാസത്തിനകം എടുത്തിട്ടുള്ള പാസ്സ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം 11/10/2022 ന് പകൽ 11 മണി മുതൽ തിരുവനന്തപുരം നന്തൻകോട് ദേവസ്വം ആസ്ഥാനത്തുള്ള സുമംഗലി ആഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന വാക്ക്-ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിദിന വേതനം 755/- രൂപ ലഭിക്കുന്നതാണ്.

സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങൾ:

1. ശ്രീകണ്ഠേശ്വരം ദേവസ്വം, തിരുവനന്തപുരം
2. കൊട്ടാരക്കര ദേവസ്വം
3. നിലയ്ക്കൽ ദേവസ്വം
4. പന്തളം വലിയകോയിക്കൽ ദേവസ്വം
5. എരുമേലി ദേവസ്വം
6. ഏറ്റുമാനൂർ ദേവസ്വം
7. വൈക്കം ദേവസ്വം
8. പെരുമ്പാവൂർ ദേവസ്വം
9. കീഴില്ലം ദേവസ്വം, പെരുമ്പാവൂർ
10. കുമളി, ഇടുക്കി
11. മൂഴിക്കൽ(മുക്കുഴി), ഇടുക്കി
12. ചെങ്ങന്നൂർ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)
ദേവസ്വം കമ്മീഷണർക്ക് വേണ്ടി

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ചീഫ് എൻജിനീയർ
3. സൂപ്രണ്ട് ഓഫ് പൊലീസ്, (വിജിലൻസ് & സെക്യൂരിറ്റി)
4. എക്സിക്യുട്ടീവ് ഓഫീസർ, ശബരിമല
5. എക്സിക്യുട്ടീവ് എൻജിനീയർ, ഐടി ഡിവിഷൻ
6. സ്പെഷ്യൽ ഓഫീസർ, വെർച്വൽ ക്യൂ
7. പബ്ളിക് റിലേഷൻസ് ഓഫീസർ
8. സെക്ഷൻ ഫയൽ

Photo

സ്വാമി ശരണം

**കൊല്ലവർഷം 1198 ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം(2022-23).**
**വെർച്വൽ ക്യൂ സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങളിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ താൽക്കാലികമായി ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി നിയോഗിക്കപ്പെടുന്നതിനുള്ള അപേക്ഷ ഫോറം.**

| | | |
|---|---|---|
| 1 | പേര് | |
| 2 | വയസ്സ്, ജനന തീയതി | |
| 3 | സ്ഥിരമായ മേൽ വിലാസം | |
| 4 | ആധാർ നമ്പർ | |
| 5 | ഫോൺ നമ്പർ | |
| 6 | ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന സ്പോട്ട് ബുക്കിംഗ് കേന്ദ്രത്തിന്റെ പേര് | |
| 7 | രക്ഷിതാവിന്റെ പേര് | |
| 8 | വിദ്യാഭ്യാസ യോഗ്യത | |
| 9 | അംഗീകൃത കമ്പ്യൂട്ടർ പരിജ്ഞാന യോഗ്യത | |
| 10 | ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് മുമ്പ് ദിവസവേതന അടിസ്ഥാനത്തിൽ ജോലിനോക്കിയിട്ടുള്ള വ്യക്തിയാണോ? | |
| 11 | അപേക്ഷകൻ ഏതെങ്കിലും തരത്തിലുള്ള ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയാണോ? ആണെങ്കിൽ വിശദീകരണം. | |

മേൽ വിവരിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമാണെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു. ആയതിൽ എന്തെങ്കിലും തരത്തിലുള്ള തെറ്റായ വിവരങ്ങൾ ചേർത്തിട്ടുള്ളതായി അധികാരികൾക്ക് ബോധ്യപ്പെടുന്നപക്ഷം എനിക്കെതിരെ എന്ത് നിയമനടപടി സ്വീകരിക്കുന്നതിനും ഇതിനാൽ ഞാൻ സമ്മതിക്കുന്നു.

സ്ഥലം:

തീയതി:

അപേക്ഷകന്റെ പേരും ഒപ്പും